	ശതമാനം	
2011-12	22.90 %	91.52%
2012-13	23.04 %	90.41%
2013-14	25.53%	88.42%
2014-15	23.50%	98.40%
2015-16	24%	10.37%*

(*AG യുടെ 30-9-2015 വരെയുള്ള താത്കാലിക കണക്കുകളുടെ അടിസ്ഥാനത്തിൽ)

സർക്കാർ മേഖലയിലെ പുതിയ പെൻഷൻ സ്കീം

99 (105) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതിയ പെൻഷൻ സ്കീം അനുസരിച്ച് സർക്കാർ മേഖലയിൽ വിവിധ വകുപ്പുകളിൽ എത്ര ജീവനക്കാരാണ് സർക്കാർ സർവ്വീസിൽ നിയമനം ലഭ്യമായിട്ടുള്ളത് എന്ന് വിശദമാക്കാമോ ;

(ബി) തസ്തികകൾ തിരിച്ച് വ്യക്തമാക്കാമോ ;

(സി) ജീവനക്കാരുടെ വിഹിതമായി എത്ര രൂപയാണ് ഈ ഇനത്തിൽ സർക്കാരിന് ലഭിച്ചിട്ടുള്ളത്; സർക്കാർ എത്ര രൂകയാണ് ഇതുവരെ നിക്ഷേപിച്ചിട്ടുള്ളത് ; ഏത് ധനകാര്യ സ്ഥാപനത്തിലാണ് നിക്ഷേപം നടത്തിയത് വിശദമാക്കാമോ ;

(ഡി) പുതിയ പെൻഷൻ സ്കീം ജീവനക്കാർക്ക് എത്രപേർക്ക് പ്രാൺ നമ്പർ നൽകിയിട്ടുള്ളത് എന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) 26-11-2005-ൽ ലഭ്യമായ സ്പാർക്ക് ഡാറ്റ പ്രകാരം സർക്കാർ സർവ്വീസിൽ വിവിധ വകുപ്പുകളിൽ നിയമനം ലഭിച്ച ജീവനക്കാരിൽ 26,641 പേർ ദേശീയ പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്.

(ബി) തസ്തികകൾ തിരിച്ചുള്ള വിശദവിവരങ്ങൾ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) 4-11-2015 വരെയുള്ള കണക്കനുസരിച്ച് ജീവനക്കാരുടെ വിഹിതമായി 56.99 കോടി രൂപയാണ് ഈ ഇനത്തിൽ സർക്കാരിന് ലഭിച്ചിട്ടുള്ളത്. 4-11-2015 വരെ സർക്കാർ വിഹിതമായ 56.69 കോടി രൂപയും ചേർത്താണ് നിക്ഷേപിച്ചിട്ടുള്ളത്.

6-2-2014 ലെ സർക്കുലർ നമ്പർ 07/14/ധന ഖണ്ഡിക V അനുസരിച്ച് പി.എഫ്. ആർ.ഡി.എ. നിർദ്ദേശപ്രകാരം ട്രസ്റ്റി ബാങ്കായ ആക്സിസ് ബാങ്ക് മുഖേന SBI പെൻഷൻ ഫണ്ട് പ്രൈവറ്റ് ലിമിറ്റഡ്, യു.റ്റി.ഐ. റിട്ടയർമെന്റ് സൊല്യൂഷൻസ് ലിമിറ്റഡ് , എൽ.ഐ.സി.പെൻഷൻ ഫണ്ട് ലിമിറ്റഡ് എന്നിവയിലാണ് ഈ തുക നിക്ഷേപിച്ചുവരുന്നത്.

(ഡി) 26-11-2015-ലെ സ്റ്റാർക്ക് ഡാറ്റ പ്രകാരം പുതിയ പെൻഷൻ സ്കീമായ ദേശീയ പെൻഷൻ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 26,641 പേർക്കാണ് പ്രാൺ (PRAN)നമ്പർ ലഭ്യമായിട്ടുള്ളത്.

സർക്കാർ ജീവനക്കാർ

100 (106) <u>ശ്രീ. ജെയിംസ് മാത്യു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ അദ്ധ്യാപകരും ഡോക്ടർമാരും ഉൾപ്പെടെ ആകെ എത്രസർക്കാർ ജീവനക്കാരുണ്ട് ; 2010-11 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം എത്ര കോടിയായിരുന്നു; ആ വർഷം ജീവനക്കാരുടെ ശമ്പളവും പെൻഷനും നൽകുന്നതിന് ചെലവായിരുന്ന തുക എത്രയായിരുന്നു ;

(ബി) 2014-15 സാമ്പത്തിക വർഷത്തെ സംസ്ഥാനത്തിന്റെ ആകെ റവന്യൂ വരുമാനം എത്രയായിരുന്നു; ആ വർഷം ജീവനക്കാരുടെ ശമ്പളത്തിനും പെൻഷനും വേണ്ടി ചെലവായിരുന്ന മൊത്തം തുക എത്രയായിരുന്നു ;

(സി) 2015-16 വർഷത്തെ ബഡ്ജറ്റിൽ പ്രതീക്ഷിക്കുന്ന മൊത്തം റവന്യൂ വരുമാനം എത്ര ; ജീവനക്കാർക്ക് ശമ്പളവും പെൻഷനും നൽകുന്നതിന് പ്രതീക്ഷിച്ച ചെലവ് എത്ര ;

(ഡി) കഴിഞ്ഞ അഞ്ച് വർഷത്തെ റവന്യൂ വരുമാനവും ജീവനക്കാരുടെ ശമ്പളത്തിനും പെൻഷനും ചെലവാകുന്ന തുകയും സംബന്ധിച്ച് വിലയിരുത്തി വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly